# മലയാളി ധാരാളി

**സി.പി. ജോൺ**

സംസ്ഥാന ആസൂത്രണ ബോർഡ് അംഗം, സി.എം.പി.

വിഭവങ്ങൾകൊണ്ട് സുലഭമല്ല കേരളം. വ്യാവസായികാവശ്യങ്ങൾക്കുവേണ്ടിയുള്ള ലോഹങ്ങൾ, കൽക്കരി, മുഖ്യ ഇന്ധനമായ ആധുനിക പെട്രോളിയം എന്നിവയിലൊന്നും സമ്പന്നമല്ല നമ്മുടെ കേരളം. കേരളത്തിന്റെ ശക്തി അതിന്റെ മണ്ണും വെള്ളവും കാലാവസ്ഥയും പ്രദാനം ചെയ്ത ജൈവസമ്പത്താണ്. ഈ പരിമിതികൾക്കകത്ത് നിൽക്കുമ്പോഴും പ്രകൃതിയെ അതിന്റെ സന്തുലിതാവസ്ഥ നഷ്ടപ്പെടാതെ പ്രയോജനപ്പെടുത്തുവാനുള്ള ധാരാളം അവസരങ്ങളും നമുക്കുണ്ട്. യുക്തിയോ വിവേകമോ ഇല്ലാതെ ഏത് പ്രകൃതി വിഭവവും അമിതമായി ചൂഷണം ചെയ്യുന്നത് ലാഭക്കൊതിയുള്ളവർക്കല്ലാതെ മറ്റാർക്കും നേട്ടമുണ്ടാക്കില്ല. എന്നാൽ യുക്തിസഹമായും സുസ്ഥിര വികസനത്തിന്റെ തത്വങ്ങളിലൂന്നിയും പ്രകൃതിയിലിടപെടുന്നവനെ വരട്ടു വാദത്തിന്റെ മേഖലകളിൽ നിന്നുകൊണ്ട് അധികമായി എതിർക്കുന്നതിനോട് എനിക്ക് യോജിപ്പില്ല. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് വെള്ളത്തിന്റെ ഉപയോഗം കാണാൻ ഞാൻ ശ്രമിക്കുന്നത്. ലോകത്തെമ്പാടും മൂന്നുതരത്തിലാണ് ശുദ്ധജലം പ്രയോജനപ്പെടുത്തുന്നത്. കൃഷിക്കും വ്യവസായത്തിനും വീട്ടാവശ്യങ്ങൾക്കും. വികസിത രാജ്യങ്ങളിൽ വ്യവസായത്തിന് 42% ശുദ്ധജലമാണ് എടുക്കുന്നതെങ്കിൽ കേരളത്തിലത് 11 ശതമാനവും ഇന്ത്യയിൽ 3 ശതമാനവും ലോക ശരാശരി 2 ശതമാനവും ആണ്. കൃഷിക്കാകട്ടെ ഇന്ത്യ 92 ശതമാനം ജലം ഉപയോഗിക്കുമ്പോൾ കേരളം 71 ശതമാനം കൃഷിക്കെടുക്കുന്നു. എന്നാൽ വീട്ടാവശ്യത്തിന്റെ കാര്യത്തിൽ വികസിത രാജ്യങ്ങൾ 16 ശതമാനം എടുക്കുമ്പോൾ കേരളമെടുക്കുന്നത് 18 ശതമാനം ആണെന്നോർക്കുക. വീട്ടാവശ്യത്തിന് ഇന്ത്യ വെറും 4 ശതമാനം വെള്ളമാണെടുക്കുന്നത്. ലോക ശരാശരി 10 ശതമാനമാണ്. ഇതാണ് ശുദ്ധജല ഉപയോഗത്തിന്റെ ഏകദേശ ചിത്രം. ശുദ്ധജലം എത്ര ഉപയോഗിക്കണമെന്നും എന്തിനുപയോഗിക്കണമെന്നും തീരുമാനിക്കുന്നത് അതാത് സമൂഹങ്ങളാണ്. ശുദ്ധജല ഉപയോഗത്തിന്റെ കാര്യത്തിൽ നിയന്ത്രണങ്ങൾ വേണമെന്ന കാര്യത്തിൽ സംശയമില്ല. കേരളത്തിന്റെ പശ്ചാത്തലത്തിൽ കാർഷിക മേഖലക്കുള്ള വെള്ളം തന്നെയാണ് മുഖ്യം. എന്നാൽ വ്യവസായികാവശ്യത്തിന്റെ ഇരട്ടി വെള്ളം വീട്ടാവശ്യത്തിനാണ് നാമുപയോഗിക്കുന്നതെന്ന കാര്യം വികസനോന്മുഖമായ ഒരു സമൂഹത്തിന് ഏറെ അഭികാമ്യമല്ല എന്നു തോന്നുന്നു. നമ്മുടെ കാലാവസ്ഥയനുസരിച്ച് ശരാശരി 310 സെ.മീ മഴപെയ്യുന്ന കേരളത്തിൽ മിക്ക പ്രദേശങ്ങളെക്കാളും വെള്ളം നമുക്ക് ലഭിക്കുന്നുണ്ട്. ജലസമ്പന്നത കൊണ്ടാകാം മലയാളികൾ ധാരാളികളെ പോലെ പെരുമാറുന്നത്. ഇവിടെയാണ് ഇടപെടൽ വേണ്ടതെന്നുതോന്നുന്നു. സുസ്ഥിരമായ നിർത്തലാധിഷ്ഠിത മാനേജുമെന്റിലൂടെയും പടിഞ്ഞാറൻ മേഖലയിൽ മഴവെള്ള സംഭരണത്തിലൂടെയും കുടിവെള്ളത്തിന്റെ കാര്യത്തിൽ അമിത ശേഖരം നമുക്കുണ്ടാക്കാൻ കഴിയും എന്നു കരുതുന്ന ഒരാളാണ് ഞാൻ. കൃഷിക്കും വീട്ടാവശ്യത്തിനും യുക്തിസഹമായി വെള്ളം ഉപയോഗപ്പെടുത്തുകൊണ്ടുതന്നെ വ്യവസായിക രംഗത്തും നമുക്കു വെള്ളം ഉപയോഗിക്കാനും നല്ല സാധ്യതയുണ്ട്. പക്ഷേ, ഈയിടെയുണ്ടായ ജലം സംബന്ധിച്ച സമരങ്ങളിൽ നിഴലിച്ച് നിന്നത് ജലം എന്തിനുപയോഗിക്കുന്നു എന്നതിലുപരി ആരുപയോഗിക്കുന്നു എന്നതാണ്. വെള്ളം കൊക്കക്കോള എടുത്താലും മദ്യകമ്പനികൾ എടുത്താലും ആര്യവൈദ്യശാല എടുത്താലും അത് വ്യവസായികാവശ്യത്തിനുള്ള വെള്ളമെടുക്കലാണ്. ഇതിലാരാണ് അശാസ്ത്രീയമായും ജലനിരപ്പിന്റെ സന്തുലിതാവസ്ഥ നഷ്ടപ്പെടുത്തിയും വെള്ളമെടുക്കുന്നു എന്നതാണ് പ്രസക്തമായ ചോദ്യം. കൊക്കക്കോള ഒരു മഴനിഴൽ പ്രദേശത്തിനരികെ (സാറ്റലൈറ്റ് നിരീക്ഷണത്തിലൂടെ ഭൂഗർഭ ജലം കണ്ടതുകൊണ്ടാണെന്നുപറയുന്നു.) ജലം മാത്രം അസംസ്കൃതവസ്തുവാക്കി കൊണ്ടുള്ള ഒരു കമ്പനി തുടങ്ങിയത് ആധുനിക മാനേജ്മെന്റിന്റെ ഭാഗത്തുനിന്ന് ചിന്തിച്ചാൽ പോലും അസംബന്ധമാണ്. പക്ഷേ കേരളത്തിൽ ഉയർന്ന പ്രശ്നം അതല്ല. കൊക്കക്കോളയെന്ന ബഹുരാഷ്ട്ര കമ്പനി വെള്ളമെടുത്തുവെന്നതാണ്. ഇവിടെ വെള്ളമല്ല ചിലരുടെ രാഷ്ട്രീയ മുദ്രാവാക്യമാണ് മുന്നിൽ വന്നത്.

വ്യാവസായികാവശ്യത്തിന് വെള്ളമെടുക്കുന്നത് പാപമല്ല എന്ന് ഞാൻ കരുതുന്നു. പക്ഷേ വ്യാവസായികാവശ്യത്തിന് വെള്ളമെടുക്കുമ്പോൾ ഗ്രാമവാസികളുടെ കുടിവെള്ളം നഷ്ടപ്പെടരുത്. അതിനാവശ്യമായ ശാസ്ത്രീയ റീച്ചാർജ്ജിംഗ് അതതു കമ്പനികളെകൊണ്ട് ചെയ്യിക്കുകയാണ് വേണ്ടത്. പക്ഷേ കേരളത്തിന്റെ ജലവിഭവ മാനേജ്മെന്റ് താറുമാറായി കിടക്കുന്ന ഈ സന്ദർഭത്തിൽ വൻതോതിൽ എവിടെ വെള്ളമെടുത്താലും പ്രശ്നമുണ്ടാവുന്നത് സ്വാഭാവികം.

**വാർത്തകൾക്കുള്ളിലെ സത്യാന്വേഷണം**



കൃഷി, പരിസ്ഥിതി, ദളിത്, സ്ത്രീനീതി, മനുഷ്യാവകാശം, ഉപഭോക്തൃസംരക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം

**വാർത്തകൾ, കുറിപ്പുകൾ, വിശകലനം**

കേരളീയം

വരിസംഖ്യാനിരക്ക്
**തപാലിൽ ലഭിക്കാൻ**

12 ലക്കങ്ങൾ
- സ്ഥാപനങ്ങൾക്ക് 250 രൂപ
- വ്യക്തികൾക്ക് 120 രൂപ
- ആജീവാനാന്ത (10 വർഷം) വരിസംഖ്യ 1200 രൂപ
- ട്രസ്റ്റ് അംഗത്വം 5000 രൂപ

**M.O./D.D. അയയ്ക്കുക**

മാനേജർ,
കേരളീയം
തൃശൂർ - 21
ഫോൺ : 0487-2421385
E-mail :
keraleeyamtcr@rediffmail.com

പാരിസ്ഥിതിക വിവേകത്തിനായി ഒരു മുഖക്കണ്ണാടി